## പ്രധാനവാർത്തകൾ

1.) പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-ാാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിദ്യാർത്ഥികളുമായി സംവദിക്കും.

2.) തിരഞ്ഞെടുപ്പ് പരാജയത്തെ തുടർന്ന് ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേന ഡൽഹി മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു.

3.) ശബരിമല വിമാനത്താവള പദ്ധതിയുമായി മുന്നോട്ടു പോകാൻ ശുപാർശ ചെയ്ത് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി.

4.) 130-ാമത് മാരാമൺ കൺവെൻഷന് ഇന്ന് തുടക്കം. 113-ാമത് ചെറുകോൽപുഴ ഹിന്ദുമത പരിഷത്ത് ഇന്ന് സമാപിക്കും.

5.) സംസ്ഥാനത്ത് കായിക മേഖലയുടെ പുരോഗതിക്കായി കാലാനുസൃതമായ വികസനം ഉറപ്പുവരുത്തുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ.

6.) ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ബംഗളുരു - ജംഷഡ്പൂരുമായി ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&

**പി എം സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് നാളെ തുടക്കം. ഇരു ഇരുരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ സന്ദർശനം ഊന്നൽ നൽകും. ഈ

മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷി ചർച്ചകളിലും പങ്കെടുക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി യു എസിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&

**<u>പരീക്ഷ പേ ചർച്ച</u>**

പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-ാാം പതിപ്പ് നാളെ. പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർത്ഥികളുമായി പരീക്ഷാ സമ്മർദ്ദത്തെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പങ്കുവയ്ക്കുന്ന പരിപാടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് നടക്കുന്നത്. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകരും മാതാപിതാക്കളും പങ്കെടുക്കും. ഇതുവരെ 3.30 കോടിയിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

RNUTVPM

**<u>അതിഷി രാജിവച്ചു</u>**

ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേന ഡൽഹി മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു. നിയമസഭാ തിരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിക്കേറ്റ കനത്ത പരാജയത്തെത്തുടർന്നാണ് ഡൽഹി ലെഫ്റ്റനന്റ് ഗവർണ്ണർ വി കെ സക്സേനയ്ക്ക് രാജി നൽകിയത്. അതിനിടെ ഏഴാമത് ഡൽഹി നിയമസഭ ലെഫ്റ്റനന്റ് ഗവർണ്ണർ പിരിച്ചുവിട്ടു.

&&&&&&&&&&&&&&&&&&

**<u>ശബരിമല എയർപോർട്ട് ( ഇൻട്രോ )</u>**

എരുമേലിയിലെ നിർദ്ദിഷ്ട ശബരിമല വിമാനത്താവള പദ്ധതിയുമായി മുന്നോട്ടു പോകാമെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട്. ഭൂമിയും ഉപജീവനമാർഗ്ഗവും നഷ്ടമാകുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.....

(വോയിസ്)

&&&&&&&&&&&&&&&&&&

**മാരാമൺ കൺവെൻഷൻ**

130-ാമത് മാരാമൺ കൺവെൻഷന് പത്തനംതിട്ട മാരാമൺ പമ്പാ നദിക്കരയിൽ ഇന്ന് തുടക്കമാകും. ഉച്ചയ്ക്ക് 2.30 ന് മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചടങ്ങുകൾ ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷം പേർക്കിരിക്കാവുന്ന പരമ്പരാഗത രീതിയിലുള്ള ഓലപ്പന്തൽ, കൺവെൻഷൻ നഗറിലേക്കുള്ള താൽക്കാലിക പാലങ്ങൾ ഉൾപ്പടെയുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ഈ മാസം 16 വരെയാണ് കൺവെൻഷൻ.

&&&&&&&&&&&&&&&&&&

**ചെറുകോൽപുഴ ഹിന്ദുമത പരിഷത്ത്**

113-ാമത് ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു ഇന്ന് സമാപനമാകും. ഏഴു ദിവസമായി പമ്പാ മണൽപുറത്തെ വിദ്യാധിരാജ നഗറിൽ നടക്കുന്ന പരിപാടിയുടെ സമാപന സഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് പമ്പയിൽ മഹാ ആരതിയും പുണ്യസ്നാനവും നടക്കും.

&&&&&&&&&&&&&&&&&&

**വാർഡ് വിഭജനം - ഹിയറിങ്**

സംസ്ഥാനത്ത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ കരട് നിർദ്ദേശങ്ങളെ കുറിച്ചുള്ള പരാതികളിലെ ഹിയറിങ് 9 ജില്ലകളിൽ പൂർത്തിയായി. എല്ലാ ജില്ലകളിലെയും ഹിയറിങ് പൂർത്തിയായ ശേഷം ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, തിരുവനന്തപുരം ജില്ലകളിലെ ഹിയറിങ്ങാണ് ഇനി നടക്കാനുള്ളത്.

RNU TVPM

&&&&&&&&&&&&&&&&&&

**കാസർകോട് ( ഇൻട്രോ )**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട പരാതികളിൽ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിങ് മറ്റന്നാൾ കാസർകോട് നടക്കും.

**കൂടുതൽ വിവരങ്ങളുമായി കാസർകോട് ജില്ലാപ്രതിനിധി പി ജഗന്നിവാസൻ....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

## സുരേഷ് ഗോപി - എം.ടി

അന്തരിച്ച സാഹിത്യകാരൻ എം.ടി വാസുദേവൻനായരുടെ കുടുംബാംഗങ്ങളെ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി സന്ദർശിച്ചു. സാഹിത്യത്തിലേതു പോലെ കലാരംഗത്തും മഹത്വം നിറഞ്ഞ വ്യക്തിത്വമായിരുന്നു എം.ടിയെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു.

RIJU TVPM

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ**

കൊല്ലം പരവൂരിൽ സ്റ്റോപ് അനുവദിച്ച കന്യാകുമാരി - പുനലൂർ ട്രെയിനിന് സ്റ്റേഷനിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. കേന്ദ്ര ബജറ്റിൽ വകയിരുത്തിയ 3,024 കോടി ഉൾപ്പടെ പതിനായിരം കോടി രൂപയുടെ റെയിൽവേ വികസന പ്രവർത്തനങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്ന് ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>ഗതാഗത നിയന്ത്രണം</u>

തിരുവനന്തപുരം പ്ലാമൂട് മുതൽ പിഎംജി വരെയുള്ള വൺവേ റോഡിൽ ടാറിങ് നടക്കുന്നതിനാൽ ഇന്ന് രാത്രി 10 മുതൽ നാളെ രാവിലെ 7 വരെ ഭാഗികമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പിഎംജി മുതൽ പ്ലാമൂട് വരെയുള്ള റോഡിൽ ഈ സമയം പാർക്കിങ് അനുവദിക്കില്ലെന്ന് ട്രാഫിക് പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>ആലപ്പുഴ - കൊച്ചി ബോട്ട് ( ഇൻട്രോ)</u>

ദേശീയപാതയിലെ തിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് ആലപ്പുഴ പാണാവള്ളിയിൽ നിന്നും കൊച്ചി തേവരയിലേക്ക് ബോട്ട് സർവീസ് ആരംഭിച്ചു. സർവീസ് ഉടനെ എറണാകുളം ജെട്ടിയിലേക്ക് നീട്ടാൻ നടപടി സ്വീകരിക്കുമെന്ന് ദലീമ എം.എൽ.എ പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

**(വോയിസ്...)**

PNU TVPM

&&&&&&&&&&&&&&&&&&

<u>മന്ത്രി കെ.എൻ ബാലഗോപാൽ</u>

കായിക മേഖലയുടെ പുരോഗതിക്കായി സംസ്ഥാനത്ത് കാലാനുസൃതമായ വികസനം ഉറപ്പുവരുത്തുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. കൊല്ലത്ത് ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം സിൽവർ ജൂബിലി പവലിയന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കൊല്ലം ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>ദേശീയ ഗെയിംസ്</u>

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ 42 സ്വർണ്ണവുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. കർണാടക

രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 34 മെഡലുകളുമായി കേരളം പട്ടികയിൽ പത്താം സ്ഥാനത്താണ്. ഇന്നലെ തായ്ക്വോണ്ടോയിൽ കേരളത്തിന്റെ മാർഗരറ്റ് മരിയ റെജി സ്വർണം നേടി. ദേശീയ ഗെയിംസിൽ ഇത് മൂന്നാം തവണയാണ് മാർഗരറ്റിന്റെ സുവർണ്ണ നേട്ടം. വനിതകളുടെയും പുരുഷൻമാരുടെയും 400 മീറ്റർ, 4 x 100 മീറ്റർ റിലേ വിഭാഗങ്ങളിലെ ഫൈനലിൽ കേരളം ഇന്നിറങ്ങും. ലോങ്ങ് ജമ്പ്, ഹൈ ജമ്പ് ഇനങ്ങളിലും കേരള താരങ്ങൾ മത്സരിക്കും.

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് രാത്രി 7 .30 ന് നടക്കുന്ന മത്സരത്തിൽ ബംഗളുരു , ജംഷഡ്പൂരുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരങ്ങളിൽ ഹൈദരാബാദ് എഫ് സി - മുഹമ്മദൻ എസ് സി- യെയും ചെന്നൈയിൻ എഫ് സി - ഈസ്റ്റ് ബംഗാളിനെയും പരാജയപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## മൂന്നാർ താപനില - ഇൻട്രോ

വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ഇടമായ മൂന്നാറിൽ താപനില വീണ്ടും മൈനസ്സിൽ. മഞ്ഞും തണുപ്പും ആസ്വദിക്കാൻ സഞ്ചാരികളുടെ തിരക്കും വർദ്ധിച്ചു.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്........**

**(വോയിസ്)**

## ഹജ്ജ് - പാസ്പോർട്ടുകൾ

ഇത്തവണത്തെ ഹജ്ജ് തീർത്ഥാടനത്തോട് അനുബന്ധിച്ച് പാസ്പോർട്ടുകൾ സ്വീകരിക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. നാളെ രാവിലെ 10 മണി മുതൽ 2 മണി വരെ തിരുവനന്തപുരം നന്ദാവനത്തുള്ള മുസ്ലിം അസോസിയേഷൻ ഹാളിൽ ഒർജിനൽ പാസ്പോർട്ടുകൾ സ്വീകരിക്കും. ബുധനാഴ്ച

കൊച്ചിയിലും ഈ മാസം 16 ന് കണ്ണൂരിലും 17 ന് കാസർഗോഡും കൗണ്ടറുകൾ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&

<u>പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ</u>

ഇന്ത്യയിലെ കുടിയേറ്റക്കാരോട് അമേരിക്ക മോശമായാണ് പെരുമാറിയതെന്ന് മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ. അനധികൃതമായി താമസിക്കുന്നവരെ കുടിയൊഴിപ്പിക്കാൻ ഏതു രാജ്യത്തിനും അവകാശമുണ്ടെങ്കിലും കുടിയേറ്റക്കാരെ തിരിച്ചയക്കുമ്പോൾ പാലിക്കേണ്ട മര്യാദകളുണ്ടെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂരിൽ ഇ.അഹമ്മദ് സ്മാരക അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

<u>പകുതിവില തട്ടിപ്പ്</u>

സ്കൂട്ടറും തയ്യൽ മെഷിനുമുൾപ്പടെയുള്ള സാധനങ്ങൾ പകുതി വിലയ്ക്ക് വാഗ്ദാനം ചെയ്ത് സീഡ് സൊസൈറ്റിയുടെ പേരിൽ കോടികൾ തട്ടിയ കേസിൽ കൂടുതൽ പരാതികൾ. കേസിൽ ഒരാളെ മലപ്പുറം പൊലീസ് ഇന്നലെ അറസ്റ്റ് ചെയ്തു.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&